(ഡി) താഴെപ്പറയുന്ന ലാബുകളാണ് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സജ്ജീകരിക്കേണ്ടത്:

1. മെക്കാനിക്കൽ വർക്ക്ഷോപ്പ്
2. ഇലക്ട്രിക്കൽ വർക്ക്ഷോപ്പ്
3. കമ്പ്യൂട്ടർ ലാബ്/സെന്റർ
4. ഫിസിക്സ് ലാബ്
5. കെമിസ്ട്രി ലാബ്
6. ഇലക്ട്രോണിക്സ് വർക്ക്ഷോപ്പ്
7. സിവിൽ വർക്ക്ഷോപ്പ്
8. ലാംഗ്വേജ് ലാബ്

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(ഇ) ഉണ്ട്. വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ പണി പൂർത്തിയായിവരുന്നു. ഫ്ലോറിംഗ് ഇനിയും പൂർത്തിയായിട്ടില്ല. വർക്ക്ഷോപ്പ് ക്രമീകരിക്കുന്നതിന്റെ ഉത്തരവാദിത്വം കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജിനാണ്.

(എഫ്) ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ സജ്ജീകരിക്കുന്നതിനാവശ്യമായ ഫർണിച്ചറുകൾ, പുസ്തകങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങേണ്ടതായിട്ടുണ്ട്. ഇവ വാങ്ങുന്നതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ കേപ്പ് ഡയറക്ടറാണ്.

(ജി) ഇലക്ട്രിക് കണക്ഷൻ, വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ലോൺ കടിശ്ശികയടവിനത്തിൽ ഇളവുകൾ

119 (2320) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലോൺ കടിശ്ശികയടവിനത്തിൽ ഏതെല്ലാം തരത്തിലുള്ള ഇളവുകൾ ലഭ്യമാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിന് ഏതെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒന്നരലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 50,000 രൂപാ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 10-12-2013-ലെ സ.ഉ.(അച്ചടി)99/13/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതിലേക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് അർഹമായ തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതാണ്. ഒന്നര ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് 30-3-2015-ലെ സ.ഉ.(അച്ചടി) 24/15/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന് അനുസൃതമായ പദ്ധതി സഹകരണ സംഘങ്ങളിൽ നടപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ വായ്പകൾക്കാണ് 30-3-2015-ലെ സ.ഉ(അച്ചടി)24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യത്തിന് അർഹത നേടുന്നതിന് വായ്പക്കാരൻ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട വായ്പാ സംഘങ്ങളിൽ ഹാജരാക്കേണ്ട സമയപരിധിയും വായ്പാക്കാരന്റെ വിഹിതം സംഘത്തിൽ അടയ്ക്കേണ്ട സമയപരിധിയും 31-8-2015 എന്ന് നിർദ്ദേശിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. 14-7-2015-ലെ സ.ഉ.(കൈ)54/15/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗക്കാരുടെ വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിനുള്ള ഏജൻസിയായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പട്ടികജാതി കടാശ്വാസ പദ്ധതിയിൻ കീഴിൽ ആനുകൂല്യ അർഹത ഉറപ്പുവരുത്തുന്നതിന് വായ്പക്കാരൻ ഒന്നര ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള ആളാണെന്നും പട്ടികജാതിക്കാരനാണെന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അധികാരികളിൽനിന്നും വാങ്ങി ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിൽ നിശ്ചിത സമയപരിധിക്കകം ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു.